"ഭരണഭാഷ മാതൃഭാഷ"

T4/36695/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 28.10.2023

പ്രേഷകൻ

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

സ്വീകർത്താവ്

1.ഡയറക്ടർ, ഹയർ സെക്കണ്ടറി ആസ്ഥാന കാര്യാലയം,തിരുവനന്തപുരം
2. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി ആസ്ഥാന കാര്യാലയം, തിരുവനന്തപുരം
3. ഡയറക്ടർ, കേരള സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് കാര്യാലയം,തിരുവനന്തപുരം
4.ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം,തിരുവനന്തപുരം
5. ഡയറക്ടർ,മെഡിക്കൽ വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം,തിരുവനന്തപുരം
6. ഡയറക്ടർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി ,തൃശ്ശൂർ

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (2023-24) ഓൺലൈൻ അപേക്ഷകൾ (ഫ്രഷ്/ റിന്യൂവൽ) സ്വീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പൊതുവായ നിർദ്ദേശങ്ങൾ - സംബന്ധിച്ച് -

സൂചന:- കേന്ദ്ര സർക്കാർ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആൻഡ് എംപവർമെൻറ്, ഡിപ്പാർട്മെൻറ് ഓഫ് എംപവർമെൻറ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് (Divyangjan) നിന്നുള്ള കത്ത് നം; Z-11017/104/2023-SCH Dated; 17/10/2023

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി(2023-24) വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പൊതുവായ നിർദ്ദേശങ്ങൾ താങ്കളുടെ വകുപ്പിൻറെ കിഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അറിവിലേക്കും വകുപ്പിൻറെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായും സമർപ്പിക്കുന്നു.

## Approval Valid

Digitally Approved By
GEETHAMANI V S
Date: 28.10.2023

വിശ്വസ്തതയോടെ
ഒപ്പ്/-
GEETHAMANI V S
സ്പെഷ്യൽ ഓഫീസർ ഫോർ

ഫ4/36695/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 19.10.2023

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - 2023 - 24 അധ്യയന വർഷത്തിൽ സ്കോളർഷിപ്പിനായി വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1.കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച സ്കോളർഷിപ്പിന്റെ ടൈം ലൈൻ ആൻഡ് ഗൈഡ് ലൈൻസ്
2.കേന്ദ്ര സർക്കാർ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആൻഡ് എംപവർമെൻറ്,ഡിപ്പാർട്മെൻറ് ഓഫ് എംപവർമെൻറ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് (Divyangjan) നിന്നുള്ള കത്ത് നം.Z-11017/104/2023-SCH Dated; 17/10/2023

*********

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുമായുള്ള വിജ്ഞാപനം കേന്ദ്ര സാമൂഹിക നീതി മന്ത്രാലയം സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.ആയതിനാൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്.ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2023 ഡിസംബർ 31 ആണ്.

കേരളത്തിലെ സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള പ്രൈവറ്റ് സ്ഥാപനങ്ങളിൽ പ്ലസ് വൺ മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നിശ്ചയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി www.scholarships.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം **2023 ഡിസംബർ 31** വരെ ഓൺലൈനായി സ്കോളർഷിപ്പിന്റെ ഫ്രഷ്, റിന്യൂവൽ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.പ്രസ്തുത അപേക്ഷകളുടെ ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലുള്ള ഓൺലൈൻ വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതാണ്.വിദ്യാർത്ഥികളും സ്ഥാപനമേധാവികളും ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർമാരും www.scholarships.gov.in എന്ന വെബ്സൈറ്റിൽ central scheme എന്ന ഓപ്ഷനിൽ Department of Empowerment of Person in Disabilities എന്ന ലിങ്കിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കേണ്ടതും ആവശ്യമായ ലോഗിൻ ഓപ്ഷനുകൾ ഉപയോഗിക്കേണ്ടതുമാണ്. സ്കോളർഷിപ്പിനായി മാനുവൽ/ഓഫ്ലൈൻ അപേക്ഷകൾ പരിഗണിക്കുന്നതല്ല. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് 40%ൽ കുറയാതെ ഭിന്നശേഷിയുണ്ടെന്നു തെളിയിക്കുന്ന മെഡിക്കൽ ബോർഡ്/അതോറിറ്റിയുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതും കുടുംബ വാർഷിക വരുമാനം പരമാവധി 2,50,000 / - രൂപയിൽ (ആകെ രണ്ടര ലക്ഷം രൂപ ) കവിയുകയും ചെയ്യരുത്.ടി **അധ്യയന വർഷത്തിൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവരുടെ ആധാർ അധിഷ്ഠിത ബയോമെട്രിക് ഓതെന്റിക്കേഷൻ പൂർത്തിയാക്കണമെന്ന് കേന്ദ്ര സോഷ്യൽ ജസ്റ്റിസ് ആൻഡ് എംപവർമെൻറ് മന്ത്രാലയത്തിൽ നിന്നും സൂചന(2) പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു.ബയോമെട്രിക് ഓതെന്റിക്കേഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ www.dcescholarship.kerala.gov.org എന്ന വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കുന്നതാണ്.ബന്ധപ്പെട്ട അപ്ഡേഷനുകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക സ്കോളർഷിപ്പ് വെബ്സൈറ്റിൽ പരിശോധിക്കേണ്ടതാണ്.**അപേക്ഷകൾ വിദ്യാർത്ഥികൾ പഠനം നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലും സംസ്ഥാനതലത്തിലും കേന്ദ്ര തലത്തിലും വെരിഫിക്കേഷന് വിധേയമാക്കപ്പെടുന്നതാണ്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അപേക്ഷ ഓൺലൈനായി സമർപ്പിക്കുവാൻ വേണ്ടിയുള്ള സൗകര്യങ്ങൾ സ്ഥാപനങ്ങളിൽ ഒരുക്കികൊടുക്കണം.

**ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (2023-24) ഓൺലൈൻ അപേക്ഷകൾ (ഫ്രഷ്/റിനീവൽ) സമർപ്പിക്കുന്നത് സംബന്ധിച്ച പൊതുവായ നിർദേശങ്ങൾ**

1) അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ മതം ബാധകമല്ല.

2) അപേക്ഷകരുടെ രക്ഷകർത്താവിന്റെ വാർഷിക വരുമാനം പരമാവധി 2,50,000/- രൂപയിൽ കവിയാൻ പാടില്ല. വാർഷിക വരുമാനത്തിന്റെ തെളിവായി റവന്യൂ വകുപ്പിൽ നിന്നും 01/10/2022 ന ശേഷം എടുത്ത വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.

3) സ്കോളർഷിപ്പ് കേന്ദ്ര മന്ത്രാലയത്തിന്റെ അന്തിമ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും നൽകുന്നത്. സംസ്ഥാനങ്ങൾക്കു അനുവദിച്ചിരിക്കുന്ന അനുപാതം പ്രകാരമാണ് മെറിറ്റ് ലിസ്റ്റ് കേന്ദ്രം തയ്യാറാക്കുന്നത്. ഭിന്നശേഷിയുടെ ശതമാനത്തിന്റെ അടിസ്ഥാനത്തിലും ആയതു ഒരേപോലെ വന്നാൽ ഉയർന്ന പ്രായത്തിന്റെ അടിസ്ഥാനത്തിലുമാണ് ലിസ്റ്റ് തയ്യാറാക്കുന്നത്.

4) ആദ്യമായി അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ ആധാർ വിവരങ്ങൾ,**UDID കാർഡ്**,ഫോട്ടോ, വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്,ബാങ്ക് പാസ് ബുക്ക്,ഭിന്നശേഷി തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്,ഫീ രസീതുകൾ,യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ് തുടങ്ങിയവ അപ്ലോഡ് ചെയ്യേണ്ടതാണ്.ഓൺലൈൻ ആയി നൽകുന്ന വിവരങ്ങൾ അപൂർണവും,അവ്യക്തവും,തെറ്റുമാണെങ്കിൽ സ്കോളർഷിപ്പ് തുക നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

5) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവർ ഭിന്നശേഷി തെളിയിക്കുന്നതിന് സ്ഥാപന മേധാവി മുൻപാകെ കേന്ദ്ര സാമൂഹിക നീതി മന്ത്രാലയം **(Department of Empowerment of Persons with Disabilities)** നൽകുന്ന **UDID Card(Unique Disability ID)** നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. UDID Card (Unique Disability ID) ലഭ്യമല്ലാത്തതും,മേൽ സ്കോളർഷിപ്പിന് അർഹരായവരുമായ വിദ്യാർഥികൾ **www.swavlambancard.gov.in** എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.UDID Enrollment ലഭിക്കുന്ന വിദ്യാർത്ഥികളുടെ Enrollment നമ്പർ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്താവുന്നതാണ്.

6) അപേക്ഷകർക്ക് ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ ആധാർ നമ്പറുമായി ലിങ്ക് ചെയ്ത ആക്ടീവായ ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്. സ്കോളർഷിപ്പിന് അർഹരാകുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക കേന്ദ്ര സർക്കാർ നേരിട്ട്(Direct Benefit Transfer) വിദ്യാർത്ഥികളുടെ ആക്റ്റീവ് ആയ ആധാർ ലിങ്ക്ഡ് ബാങ്ക് അക്കൗണ്ടിലേക്കു ക്രെഡിറ്റ് ചെയ്തു നൽകുന്നതാണ്.

7) കേരളത്തിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കേരളത്തിലെ വിദ്യാർഥികൾ കേരളം domicile ആയി തിരഞ്ഞെടുത്തു ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

8) മൊബൈൽ നമ്പർ ആധാറുമായി ലിങ്ക് ചെയ്തിട്ടില്ലാത്തവർ സമയബന്ധിതമായി ലിങ്ക് ചെയ്ത ശേഷം അപേക്ഷ സമർപ്പിക്കേണ്ടതാണ് .അപേക്ഷയിൽ നൽകിയിരിക്കുന്ന മൊബൈൽ നമ്പറിലേക്കു കേന്ദ്ര സർക്കാരിൽ നിന്നും വരുന്ന എസ് എം എസ് യഥാസമയം ശ്രദ്ധിക്കുക. അപേക്ഷ സമർപ്പിച്ച ശേഷം സ്കോളർഷിപ്പ് കാലാവധി കഴിയുന്നത് വരെ ആധാറിലെ വിവരങ്ങളും മൊബൈൽ നമ്പറും മാറ്റാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക

9) അപേക്ഷകർ അപേക്ഷയിലെ സ്കോളർഷിപ്പിന്റെ പേര് , ആപ്ലിക്കേഷൻ ഐ .ഡി, പാസ്സ്‌വേർഡ് എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ് .

10) ഒരേ സ്ഥാപനത്തിൽ ഒരേ കോഴ്സിന് പഠനം നടത്തിവരുന്നവരും 2022-2023ൽ ഭിന്നശേഷി വിദ്യാർത്ഥികൾക്കായിട്ടുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിച്ചവരുമായ വിദ്യാർത്ഥികൾ അവരുടെ നിലവിലുള്ള Application ID യിൽ തന്നെ 2023-24 വർഷത്തേക്ക് റിന്യൂവൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

11) വിദ്യാർത്ഥികൾ സ്കോളർഷിപ്പിനായി ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ച ശേഷം അപേക്ഷയുടെ ഹാർഡ് കോപ്പിയും അനുബന്ധ രേഖകളും വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിൽ ഓൺലൈൻ വെരിഫിക്കേഷൻ ചെയ്യുന്നതിനായി അഞ്ച് ദിവസത്തിനുള്ളിൽ നിർബന്ധമായി നൽകേണ്ടതാണ്. പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപനത്തിൽ സമർപ്പിക്കാത്തവരുടെ അപേക്ഷകൾ ഡിഫെക്ട് ചെയ്യുന്നതാണ്.

11) അപേക്ഷകർ മറ്റ് സ്കോളർഷിപ്പുകൾ കൈപ്പറ്റാൻ പാടില്ല. ഒന്നിൽ കൂടുതൽ സ്കോളർഷിപ്പിന് വിദ്യാർത്ഥിക്ക് അർഹത ലഭിച്ചാൽ, ഏത് സ്കോളർഷിപ്പ് വേണമെന്നതു വിദ്യാർത്ഥിക്ക് തിരഞ്ഞെടുക്കാവുന്നതാണ്.

12) സ്കോളർഷിപ്പിനായി കെ .വൈ .സി പൂർത്തിയാകാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസേഴ്സ് സ്റ്റേറ്റ് നോഡൽ ഓഫീസുമായി ബന്ധപ്പെട്ടു കെ .വൈ .സി . രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതും ഇൻസ്റ്റിട്യൂഷണൽ നോഡൽ ഓഫീസറുടെ ആധാർ ലിങ്ക് ചെയ്ത മൊബൈൽ നമ്പർ കെ.വൈ .സി വിവരങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

13) ഈ സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ ഇമെയിൽ വഴി ലഭിക്കുന്നതിന് ഇതോടൊപ്പമുള്ള ലിങ്കിൽ നൽകിയിരിക്കുന്ന ഗൂഗിൾ ഫോമിൽ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.
https://forms.gle/kc4Kyda7BjCHyTDc6

14) ഇൻസ്റ്റിട്യൂഷണൽ നോഡൽ ഓഫീസർ ഓൺലൈനായി ലഭിച്ച അപേക്ഷകൾ വിദ്യാർത്ഥികൾ സമർപ്പിച്ച ഹാർഡ്കോപ്പിയിലെ വിവരങ്ങളുമായി ശ്രദ്ധാപൂർവം ഒത്തുനോക്കി വെരിഫൈ ചെയ്ത് അപ്രൂവ് നൽകേണ്ടതും, അപേക്ഷകൾ അതാത് ഇൻസ്റ്റിട്യൂഷനിൽ കുറഞ്ഞത് അഞ്ചു വർഷം സൂക്ഷിക്കേണ്ടതുമാണ്. ഈ അപേക്ഷകൾ സ്കോളർഷിപ്പ് സ്റ്റേറ്റ് നോഡൽ ഓഫീസർ അതാതു സ്ഥാപങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതാണ്. പരിശോധന സമയത്തു അപാകത ബോധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് റദ്ദാക്കുന്നതും ഇൻസ്റ്റിട്യൂഷണൽ നോഡൽ ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്. INO തല വെരിഫിക്കേഷന്റെ അവസാന തിയതിക്കുള്ളിൽ വെരിഫിക്കേഷൻ നടത്തിയിട്ടില്ലാത്ത ഒരു അപേക്ഷപോലും സ്ഥാപനതലത്തിൽ ബാക്കി ഉണ്ടാകുവാൻ പാടില്ല.

സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ :- 0471 2306580 , 9446096580 ,
ഇ - മെയിൽ ഐ .ഡി .: - postmatricscholarship@gmail.com

Approval Valid

Digitally Approved By
GEETHAMANI V S
Date: 19.10.2023
Reason: Approved

ഒപ്പ്/-
GEETHAMANI V S
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

പകർപ്പ്:-

1.ഹയർ സെക്കണ്ടറി ആസ്ഥാന കാര്യാലയം, തിരുവനന്തപുരം
2.വൊക്കേഷണൽ ഹയർ സെക്കണ്ടറി ആസ്ഥാന കാര്യാലയം, തിരുവനന്തപുരം
3.വ്യാവസായിക പരിശീലന ആസ്ഥാന കാര്യാലയം,തിരുവനന്തപുരം
4.സാങ്കേതിക വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം,തിരുവനന്തപുരം
5.മെഡിക്കൽ വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം,തിരുവനന്തപുരം
6.കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി,തൃശ്ശൂർ